# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4811** **19.05.2017-ൽ മറുപടിയ്ക്ക്**

**<u>കൊച്ചിമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ</u>**

<u>ചോദ്യം</u>
ശ്രീ.ജോൺ ഫെർണാണ്ടസ്

<u>മറുപടി</u>
ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):

എ) കൊച്ചി നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിലവിൽ നടത്തിവരുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷം) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1) | തീരദേശറോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെട്ട ചെല്ലാനം പഞ്ചാ യത്തിൽ വാർഡ് നം. 16-ൽ മാവിൻ ചുവട് മുതൽ പടി ഞ്ഞാറേക്കുള്ള റോഡിന്റെ നിർമ്മാണം | 60.00 | പ്രവൃത്തി കരാറിലേർപ്പെട്ട് ആരംഭിച്ചു. 50% പ്രവൃത്തി പൂർത്തി യായി. |
| 2) | നബാർഡ് RIDF XVII – നമ്പ്യാപുര - കാട്ടിപ്പറമ്പ് പാലത്തിന്റെ നിർമ്മാണം | 140.00 | പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിലായതിനാൽ മുൻ കരാർ റദ്ദ് ചെയ്തു. പ്രവൃത്തി പുനർ ദർഘാസ് വഴി കരാറിലേർപ്പെട്ട് ആരംഭിച്ചിട്ടുണ്ട്. 5% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 3) | നബാർഡ് RIDF XIX - കണ്ടേക്കടവ് വടക്ക് വിജയം കനാൽ പാലം നിർമ്മാണം | 172.00 | പ്രവൃത്തി 45% പൂർത്തിയായി. |

| | |
|---|---|
| ബി) ഭരണാനുമതി ലഭിച്ച ശേഷം നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതും പൂർത്തിയാകാത്തതുമായ ഏതെങ്കിലും പ്രവൃത്തി ഈ മണ്ഡലത്തിൽ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന് കീഴിൽ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) ഭരണാനുമതി നൽകിയ ശേഷം പ്രവൃത്തി ആരംഭിക്കാത്തതും പൂർത്തിയാകാത്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷം) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| I | **<u>തീരദേശറോഡുകളുടെ നിലവാരമുയർത്തൽ പദ്ധതി</u>** | | |
| 1 | ചെല്ലാനം പഞ്ചായത്തിലെ വാർഡ് നം. 19-ൽ സെന്റ് സെബാസ്റ്റ്യൻ ചർച്ച് റോഡ് | 34.00 | സ്ഥലം സംബ ന്ധിച്ച തർക്കം മൂലം പ്രവൃത്തി തടസ്സപ്പെ ട്ടിരിക്കുന്നു. |
| 2 | ചെല്ലാനം പഞ്ചായത്തിലെ കണ്ണമാലി വാട്ടർ ടാങ്ക് റോഡ് | 38.00 | കരാറിലേർ പ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കു ന്നതാണ്. |
| 3 | കുമ്പളങ്ങി പഞ്ചായത്തിലെ വാർഡ്. 17-ൽ തട്ടാലിത്തറ റോഡ് | 55.00 | കരാറിലേർ പ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കു ന്നതാണ്. |
| 4 | ചെല്ലാനം പഞ്ചായത്തിലെ കണ്ണമാലി ഓൾഡ് കെ.എസ്.ഇ.ബി. വരെയുള്ള റോഡ് | 10.00 | സ്ഥലം ലഭ്യമല്ലാ ത്തതിനാൽ പ്രവൃത്തി ഒഴിവാക്കി. |
| 5 | കുമ്പളങ്ങി പഞ്ചായത്തിലെ കുമ്പളങ്ങി ആഞ്ഞിലിത്തറ റോഡ് | 33.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 6 | ചെല്ലാനം പഞ്ചായത്തിലെ കാട്ടിപ്പറമ്പ് കളത്തറ റോഡ് | 55.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 7 | ചെല്ലാനം പഞ്ചായത്തിലെ തോണിത്തോട് കളത്തറ റോഡ് | 53.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| II | **<u>നബാർഡ്</u>** | | |
| 1) | **<u>RIDF XV</u>** | | |

| | | | |
|---|---|---|---|
| | ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തി | 2990.00 | പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തിയായി. സ്ഥലം ലഭ്യമാകാത്തതിനാൽ മറ്റ് അനുബന്ധ ഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തി ക്രമീകരിക്കുവാൻ സാധിച്ചിട്ടില്ല. സ്ഥലമേറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2) | **RIDF XVII** | | |
| | നമ്പ്യാപുരം-കാട്ടിപ്പറമ്പ് പാലം നിർമ്മാണപ്രവൃത്തി | 140.00 | മുൻകരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പുന:ക്രമീകരിച്ച് പ്രവൃത്തി 5% പൂർത്തിയായി. |
| 3) | **RIDF XIX** | | |
| | കണ്ടേക്കടവ് വടക്ക് വിജയം കനാൽ പാലം | 172.00 | പ്രവൃത്തി 45% പൂർത്തിയായിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**